## ആക്ഷേപങ്ങളും അഭിപ്രായങ്ങളും

# കുടുംബാസൂത്രണവും രാഷ്ട്രീയ വീക്ഷണവും

കുടുംബാസൂത്രണത്തിന്റെ ആവശ്യകതയെപ്പററി 1–2–78–ൽ ശക്തമായ ഭാഷയിൽ താങ്കളെഴുതിയ മുഖപ്രസംഗത്തിന്ന് അഭിനന്ദനങ്ങൾ.

കേന്ദ്രമന്ത്രി രാജ്നാരായണന്ന്, പത്തു മാസം താമസിച്ചാണെങ്കിലും ഈ വിഷയത്തെക്കുറിച്ച് വെളിവുണ്ടായതിൽ എല്ലാവരും സന്തോഷിക്കും. 25 വർഷത്തെ പ്രയത്നം കൊണ്ടു വളർത്തിയെടുത്ത ഈ ദേശീയ പരിപാടിയ്ക്ക് ഒരിക്കലും ക്ഷീണം വരുത്താത്തതായിരുന്നു. അത് ക്ഷീണിക്കുക മാത്രമല്ല, രാജ്യത്തിന്ന് വലിയ ആപത്തും വരുത്തിയിരിക്കുന്നു എന്നാണല്ലൊ ഇപ്പോൾ തെളിഞ്ഞിരിക്കുന്നത്. ഇക്കാര്യത്തിൽ ജനതാ പാർട്ടിയെ മാത്രം കുററപ്പെടുത്തുന്നത് ശരിയല്ല. ഈ രാജ്യത്തെ ഒരു രാഷ്ട്രീയ കക്ഷികളും കുടുംബാസൂത്രണത്തിന്റെയും ജനസംഖ്യാ നിയന്ത്രണത്തിന്റെയും ആവശ്യകതയെപ്പററി ഉറപ്പിച്ചു പറയാൻ ധൈര്യമില്ല. ന്യൂനപക്ഷങ്ങളുടെ അപ്രീതിക്കു പാത്രമാകുമോ എന്നും, വോട്ടു കിട്ടാതെ വരുമോ എന്നുമുള്ള ഭയമാണ്! പക്ഷേ ഭരണത്തിൽ കയറി ഭയാനകമായ വസ്തുതകൾ മനസ്സിലാക്കുമ്പോൾ ഈ പരിപാടിയ്ക്ക് എതിരായ ഉത്തരവിടുവാൻ നിവൃത്തിയില്ലാതെ വരും. അതാണ് രാജ്നാരായണനു പററിയത്. ഭരണം ഏറെറടുക്കുവാൻ അവസരം കിട്ടിയാൽ ഇതു മററുള്ളവർക്കും പററും. എതിരാളികളുടെ പ്രത്യയശാസ്ത്രത്തേയും അവരുടെ രാഷ്ട്രീയനയങ്ങളേയുംകാൾ എത്രയോ കൂടുതൽ ആപൽക്കരവും ദൂരവ്യാപകമായ പ്രസക്തിയുള്ളതുമായ ഇക്കാര്യത്തെപ്പററി എല്ലാരാഷ്ട്രീയക്കാരും മനസ്സിരുത്തി പഠിക്കാത്തതെന്തെന്ന് അത്ഭുതപ്പെട്ടു പോകുന്നു. മിണ്ടാതിരുന്നതു കൊണ്ട് മണ്ണിമറയുന്ന ഒരു വിപത്തല്ലിത്. പക്ഷ പ്രതിപക്ഷങ്ങൾ താന്താങ്ങളുടെ വിശ്വാസമനുസരിച്ച് ആദർശ സമൂഹങ്ങളായി കരുതുന്ന രാഷ്ട്രങ്ങൾ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ചു പോലും അവർ അജ്ഞരാണെന്നു വരുമോ? അതോ, അന്യരുടെ സന്താനങ്ങൾ ആഹാരമില്ലാതെ അന്തിയുറങ്ങുന്നതിൽ അവർക്ക് ഖേദമില്ല എന്നതാണോ പരമാർത്ഥം? എന്തായാലും വർഷംതോറും ആകെയുണ്ടാകുന്ന മരണങ്ങൾ തട്ടിക്കഴിച്ചു നോക്കിയാൽ, 150 ലക്ഷം ആത്മാക്കളാണ് ഈ രാജ്യത്ത് അധികമായി ജീവിക്കേണ്ടിയിരിക്കുന്നത്. അവർക്ക് ഓരോരുത്തർക്കും വോട്ട് എന്ന മഹാനുഗ്രഹമല്ലാതെ മററു യാതൊന്നുമില്ല എന്ന ദുഃഖസത്യം ആരറിയുന്നു: ഇങ്ങിനെ എടുക്കുമ്പോളൊന്ന്, തൊടുക്കുമ്പോൾ പത്ത്, എന്ന കണക്കിൽ പെരുകി വരുന്ന ജനസഞ്ചയത്തിന്റെ ശരീരതാപങ്ങളാകുന്ന പ്രളയാഗ്നിയിൽ ഈ രാജ്യം ഭസ്മമാകാതിരുന്നാൽ ഭാഗ്യം.

—ഡോ. കെ. ഭാസ്കരൻ നായർ

# ഫറോക്കും ഫറോക്ക് പാലവും

ഫറോക്കിന്റെ ഹൃദയഭാഗത്തുകൂടെ—ടൗൺ, റെയിൽവെ സ്റ്റേഷൻ, മാർക്കററ് മുതലായവ സ്ഥിതിചെയ്യുന്ന പ്രദേശത്തുകൂടെ —പോയിക്കൊണ്ടിരിക്കുന്ന ടൗൺ ബസ്സുകൾ, ലൈൻബസ്സുകൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ പുതിയ പാലത്തിന്റെ ആവിർഭാവത്തിനു ശേഷവും ടൗൺ 'ടച്ച്' ചെയ്തുപോകണമെന്ന ആവശ്യം മുൻനിർത്തി ടൗൺ വികസന സമിതി നിവേദനങ്ങൾ സമർപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. കലക്ടർ, ആർ.ടി.ഒ. , ട്രാഫിക് എസ്.പി. നിയോജകമണ്ഡലം എം.എൽ.എ. എന്നിവരിൽ നിന്നു വാചികമായ ഉറപ്പുകൾ നേടുകയും ചെയ്തിട്ടുണ്ടത്രെ. എന്നാൽ രേഖാ മൂലമുള്ള നടപടികളുടെ അഭാവത്തിൽ, ബസ്സുടമകൾ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുമോ എന്നു കണ്ടറിയണം. ഫറോക്ക് പഞ്ചായത്തതിർത്തിയിൽ ഒരു ബസ്സ് സ്റ്റാൻഡില്ലെന്നുള്ളതും, നിർദ്ദിഷ്ടമായ ഷോപ്പിങ്ങ് സെന്റർ, ഗവ. ഹൈസ്കൂൾ കെട്ടിടത്തിന്ന് അക്വയർ ചെയ്ത സ്ഥലത്തേക്കുള്ള മാററം, ബസ്സ്സ്റ്റാൻഡ്നിർമ്മാണം (എല്ലാം ടൗൺ ഏരിയയിൽ) ഇവയെല്ലാം ഏട്ടിലെ പശുക്കളായി കിടക്കുകയാണെന്ന വസ്തുതയും മേൽപ്പറഞ്ഞ ആശങ്ക ബലപ്പെടുത്തുന്നു. അങ്ങിനെ വന്നാൽ, പുതിയ പാലം വഴി നേരിട്ടുള്ള ബസ്സുകളുടെ ഗതാഗതം കൊണ്ട് ഫലത്തിൽ ഫറോക്കിന്നു ഒരു ബൈപാസ് റോഡായിരിക്കുംരൂപപ്പെടുക.

നാഷനൽ ഹൈവെയുടെ ഈ ഗതിമാററം കാരണം, ഇപ്പോഴുള്ള പാലം സ്വയം നശിച്ചുപോകുവാൻ ഇടയാവരുതെന്നും ഫറോക്കിൽ നിന്നു ചെറുവണ്ണൂർ ജംഗ്ഷൻ വരെയുള്ള റോഡ് (പാലമടക്കം) പൊതുമരാമത്ത് വകുപ്പ് ഏറെറടുത്ത് പരിരക്ഷിക്കണമെന്നും കൂടി വികസനസമിതി അഭ്യർത്ഥിച്ചിട്ടുണ്ടെന്നറിയുന്നു. എത്രയും ന്യായവും പരിമിതവും ആയ ഈ ആവശ്യം കടലുണ്ടി, കരുവൻതിരുത്തി മുതലായ പ്രദേശത്തുനിന്നുള്ള

Digitized by Kerala Sahitya Akademi